പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4632 — 23 .07. 2015 ൽ മറുപടിക്ക്

## ബൾബുകൾകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച പഠനം

**ചോദ്യം** — **ഉത്തരം**

ശ്രീമതി കെ.എസ്. സലീഖ — ശ്രീ ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബൾബുകളിൽ ഏതെല്ലാം ബൾബുകൾ മനുഷ്യനേത്രങ്ങൾക്ക് രോഗകാരണമാകുമെന്നും, ഫ്യൂസായ ബൾബുകൾ തുറസ്സായ സ്ഥലത്തും വീട്ടു കോമ്പൗണ്ടുകളിലും ഉപേക്ഷിക്കുന്നതുമൂലമുണ്ടാകുന്ന രോഗങ്ങൾ എന്തൊക്കെയാണെന്നും ഇതുമൂലം മനുഷ്യ ജീവനുണ്ടാകുന്ന പ്രശ്നങ്ങൾ എന്താണെന്നും സംബന്ധിച്ച് വൈദ്യുതി വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഇല്ല. എന്നാൽ സി.എഫ്.എൽ, ട്യൂബ് ലൈറ്റ് എന്നിവ സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനായി വിശദ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഡൽഹിയിലെ ഐ.ആർ.ജി. സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നു. ടി കമ്പനി തയ്യാറാക്കിയ വിശദ പഠന റിപ്പോർട്ടിന്റെയും തുടർന്നുള്ള ചർച്ചകളുടെയും അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ബി) | പഠനം നടത്തിയിട്ടില്ലെങ്കിൽ ഒരു വിദഗ്ധ സംഘത്തിന്റെ പഠനത്തിന് എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | വിദഗ്ധ സംഘത്തെക്കൊണ്ട് ഇത് സംബന്ധിച്ച പഠനം നടത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ഇത്തരം ബൾബുകളുടെ ഉപയോഗ ശേഷം ഇവ നശിപ്പിക്കാതെ റോഡുകളിലും വീടുകളിലും നിക്ഷേപിക്കുന്നതു കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ഏതെങ്കിലും അന്താരാഷ്ട്ര സംഘടനകളുടെ റിപ്പോർട്ടുകൾ വൈദ്യുതി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; അത് ബോർഡ് പരിശോധിച്ച നടപടികൾ സ്വീകരിച്ചുവോ; എങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ? | (സി) | അന്താരാഷ്ട്ര സംഘടനകളുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ബോർഡ് നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ